**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4771** **23.07.2015-ൽ മറുപടിയ്ക്ക്**

## ഗോത്രജ്യോതി പദ്ധതി

**ചോദ്യം**
**ശ്രീ.എ.കെ.ബാലൻ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഗോത്രജ്യോതി പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത്; | എ) | സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഗോത്ര ജ്യോതി പദ്ധതി നടപ്പിലാക്കുന്നില്ല. തമിഴ് നാട്ടിലെ ശ്രീപെരുമ്പത്തൂരിൽ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റിയായ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെവലപ്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ 12,60,000/-രൂപ ചെലവിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് തൊഴിൽ സംരംഭത്തിന് മാർഗ്ഗ നിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര ജ്യോതി പദ്ധതി 2013-14 വർഷം സംഘടിപ്പിച്ചത്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 9,18,000/-രൂപ അനുവദിച്ചിരുന്നു. അനുവദിച്ച മൊത്തം തുകയിൽ ആകെ 21,26,222/-രൂപ ചെലവാക്കിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിന് ശേഷം ടി സ്ഥാപനത്തിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് ഈ വർഷം എത്ര കുട്ടികളെ സ്കൂളിലെത്തിച്ചു; ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിൽ നിന്നാണ് കുട്ടികളെ സ്കൂളിലെത്തിച്ചത്? | ബി) | ഗോത്രജ്യോതി പദ്ധതി പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ സംരംഭത്തിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് മാത്രമാണ് നടപ്പിലാക്കിയത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ വാഹനത്തിൽ എത്തിക്കുന്ന പദ്ധതിയുടെ പേര് 'ഗോത്രസാരഥി' എന്നാണ് |

സെക്ഷൻ ഓഫീസർ